MAY 2022 **U/ID 30729/ULD2A**

Time : Three hours Maximum : 75 marks

PART A — (10 × 2 = 20 marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തരമെഴുതുക.

1. ശന്തനുവിന്റെ താൽപ്പര്യം നടപ്പിലാക്കാനായി ദേവവ്രതൻ സ്വീകരിച്ച കഠിനമായ ത്യാഗമെന്ത്?

2. കർണ്ണൻ മഹാത്മാവാണെന്ന് വിലയിരുത്താൻ കാരണമെന്ത്?

3. ദുര്യോധനൻ എന്ന പേരിന് പുതിയ ചില വ്യാഖ്യാനങ്ങൾ നൽകാനാവും - വിലയിരുത്തുക.

4. ഭീഷ്മരെ വധിക്കുന്നതിന് പരശുരാമൻ ഉന്നയിച്ച ന്യായമെന്ത്?

5. കർണ്ണനിലെ പൗരുഷമൂല്യത്തെക്കുറിച്ചുള്ള പ്രസ്താവന വിലയിരുത്തുക.

6. ദ്രൗപദിയുടെ സ്വഭാവത്തെക്കുറിച്ച് ചുരുക്കി യെഴുതുക.

7. പളനിയിലേക്കുള്ള യാത്രയെക്കുറിച്ച് 'കോന്തല'യിൽ പ്രതിപാദിക്കുന്നവ എന്തെല്ലാം?

8. മരണത്തിന്റെ സാന്നിദ്ധ്യം എല്ലാറ്റിനേയും ശ്രദ്ധേയമാക്കുമെന്ന് കോന്തലയുടെ രചയിതാവ് എടുത്തു പറയുന്നു - കാരണമെന്ത്?

9. വയനാടിനെ താഴേ രാജ്യം എന്നു വിളിക്കാനുള്ള കാരണമെന്ത്?

10. പൊട്ടൻ മാണിയുടെ സവിശേഷതകൾ എടുത്തെ – ഴുതുക.

11. കരിക്കുറ്റി സ്കൂളിലെ വിശേഷദിനങ്ങളിൽ ഏതെങ്കിലും ഒരെണ്ണം പ്രതിപാദിക്കുക.

12. രോഹിണിയെന്ന വ്യക്തിയുടെ സ്വഭാവനിരൂപണം നടത്തുക.

PART B — ($5 \times 5 = 25$ marks)

അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. കുന്തിയെക്കുറിച്ച് മാരാർ അഭിപ്രായപ്പെടുന്നതെന്ത്?

14. 'ശിശുപാലൻ ചെയ്ത നൂറപരാധവും ക്ഷമിച്ച ഭഗവാൻ കൃഷ്ണൻ ജനിച്ചത് ഭൂഭാരം തീർക്കുക എന്ന സംഹാരക്രിയക്കല്ല' - കൃഷ്ണനെക്കുറിച്ചുള്ള ഈ പരാമർശത്തിൽ കാണാനാകുന്ന ലോകവീക്ഷണ മെന്ത്?

15. പാഞ്ചാലിയുടെ വസ്ത്രാക്ഷേപവേളയിൽ നിഷ്ക്രിയരായിത്തീർന്ന പാണ്ഡവരിലെ ധർമ്മചിന്തയെ മാരാർ വിമർശിക്കുന്നതെങ്ങനെ?

16. മഹാഭാരതത്തിൽ സ്നേഹത്തിനാണ് പ്രാധാന്യമെന്ന് വിലയിരുത്താനാവുമോ?

17. ഭൂഭംഗികൾകൊണ്ട് ബാല്യം വയനാട്ടിൽ കഴിച്ചൊരാളെ നിങ്ങൾക്ക് വിഷമിപ്പിക്കാനാവില്ല - ബാല്യകൗതുകങ്ങൾക്ക് അവസരമുണ്ടാക്കിയ വയനാട്ടിലെ കാഴ്ചകൾ സംഗ്രഹിക്കുക.

18. ആത്മഹത്യ ചെയ്യുന്നവരോട് അനുഭാവം തോന്നിക്കുന്ന ദൃശ്യത്തെക്കുറിച്ച് എഴുത്തുകാരൻ പറയുന്നു - സന്ദർഭമേത്?

19. വയനാടൻ സംസ്കാരത്തെക്കുറിച്ചുള്ള എഴുത്തുകാരന്റെ വീക്ഷണമെന്ത്?

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. അമാനുഷരെന്നു കരുതുന്ന കഥാപാത്രങ്ങളുടെ ശക്തിദൗർബ്ബല്യങ്ങൾ തുറന്നുകാണിക്കുകയാണ് 'ഭാരതപര്യടന'ത്തിൽ എന്ന അഭിപ്രായം വിലയിരുത്തുക.

21. കഥാപാത്രപശ്ചാത്തലത്തിലൂടെ ധർമ്മബോധം കൈകാര്യം ചെയ്യാൻ മാരാർ ശ്രമിക്കുന്നതെങ്ങനെ?

22. മഹാഭാരതത്തിന്റെ പുതുവായനയാണ് ഭാരതപര്യടനത്തിന്റേത് എന്ന് വിലയിരുത്താനാവുമോ? ഉപന്യസിക്കുക.

23. ആരുമറിയാത്ത വയനാടൻ ജീവിതമാണ് 'കോന്തല'യിലുള്ളത് - അഭിപ്രായം രേഖപ്പെടുത്തുക.

24. 'കോന്ത'ലയിൽനിന്ന് വായനക്കാരെന്ന നിലയിൽ ഏറ്റവുമധികം താൽപ്പര്യം തോന്നിയ ജീവിതാഖ്യാനങ്ങൾ എടുത്തെഴുതുക.

———————